LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത വിധിയുടെ പകർപ്പ് ലഭ്യമാകുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്. മാത്രമല്ല, മെറ്റേർണിറ്റി ബെനിഫിറ്റ് ആക്ട് 1961, സെക്ഷൻ (5) പ്രകാരം സ്ത്രീ തൊഴിലാളികൾക്ക് പ്രസവാനുകൂല്യം ലഭ്യമാകുന്നുണ്ടോയെന്ന് തൊഴിൽ വകുപ്പിലെ ഇൻസ്പെക്ടർമാരായ അസിസ്റ്റന്റ് ലേബർ ഓഫീസർമാർ പരിശോധിച്ച് ഉറപ്പുവരുത്തുകയും, നിയമലംഘനങ്ങൾ കണ്ടെത്തുന്നപക്ഷം ആവശ്യമായ നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

കഞ്ചിക്കോട് വ്യവസായ മേഖലയിലെ തൊഴിലാളികൾ

249 (957) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് വ്യവസായ മേഖലയിൽ എത്ര സ്ഥാപനങ്ങൾ ഉണ്ട് ;

(ബി) പ്രസ്തുത വ്യവസായ സ്ഥാപനങ്ങളിൽ എത്ര തൊഴിലാളികൾ ജോലിചെയ്യുന്നുണ്ട് ; ഓരോ സ്ഥാപനത്തിലേയും പ്രത്യേകം പറയാമോ;

(സി) ഓരോ വ്യവസായ സ്ഥാപനത്തിലും സ്ത്രീത്തൊഴിലാളികൾ എത്ര , പുരുഷത്തൊഴിലാളികൾ എത്ര എന്ന് വ്യക്തമാക്കുമോ ;

(ഡി) ഏതെല്ലാം വ്യവസായ സ്ഥാപനങ്ങളിൽ അന്യസംസ്ഥാനത്തൊഴിലാളികൾ ജോലി ചെയ്യുവരുന്നു ; വിശദാംശം ലഭ്യമാക്കുമോ ;

(ഇ) കഞ്ചിക്കോട് വ്യവസായമേഖലയിലെ തൊഴിലാളികളുടെ ആരോഗ്യ സംരക്ഷണത്തിനും, ജീവന്റെ സുരക്ഷയ്ക്കും വേണ്ടി ഏതെല്ലാം നിയമങ്ങൾ നടപ്പിലാക്കി വരുന്നുണ്ട് ; വിശദാംശം നൽകാമോ ;

(എഫ്) നിലവിലെ നിയമപ്രകാരം തൊഴിലാളികളുടെ ആരോഗ്യ സംരക്ഷണത്തിനായി എന്തെല്ലാം കരുതൽ നടപടികൾ വകുപ്പ് സ്വീകരിച്ചുവരുന്നുവെന്നു വിശദമാക്കാമോ ;

(ജി) നിഷ്കർഷിച്ചിട്ടുള്ള സുരക്ഷാമാനദണ്ഡങ്ങൾ വ്യവസായസ്ഥാപനങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത് ; വിശദാംശം ലഭ്യമാക്കാമോ; തൊഴിൽ വകുപ്പ് കഞ്ചിക്കോട് വ്യവസായമേഖലയിൽ പീരിയോഡിക്കൽ ഇൻസ്പെക്ഷൻ നടത്താറുണ്ടോ; ഉണ്ടെങ്കിൽ, എന്തെല്ലാം നടത്തി ; ഏതെല്ലാം സ്ഥാപനങ്ങളിൽ നടത്തിയെന്നും, എന്തെല്ലാം കണ്ടെത്തലുകൾ ഉണ്ടായി എന്നും വ്യക്തമാക്കുമോ ; പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ നീക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു ; വിശദാംശം ലഭ്യമാക്കുമോ ; ഇ.എസ്.ഐ. ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ ലഭിച്ചുവരുന്ന എത്ര തൊഴിലാളികൾ കഞ്ചിക്കോട് വ്യവസായ മേഖലയിൽ ജോലി ചെയ്തുവരുന്നു എന്നതിന്റെ വിശദാംശം സ്ഥാപനങ്ങളുടെ അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ ?

ഉത്തരം

(എ) 252 ഫാക്ടറികൾ പ്രവർത്തിക്കുന്നു.

(ബി) 15,356 തൊഴിലാളികൾ ജോലി ചെയ്യുന്നു. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) സ്ത്രീകൾ -1502

പുരുഷൻ -13854

(ഡി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ഇ) 1948-ലെ ഫാക്ടറീസ് ആക്ടും 1957-ലെ ഫാക്ടറീസ് റൂളും പ്രകാരം ഇതുസംബന്ധിച്ച നിയമനങ്ങൾ നടപ്പിലാക്കിവരുന്നുണ്ട്.

(എഫ്) ഫാക്ടറികളിൽ പരിശോധന നടത്തുമ്പോൾ തൊഴിലാളികൾക്ക് ഫാക്ടറി നിയമം അനുശാസിക്കുന്ന പ്രകാരമുള്ള ആരോഗ്യം, സുരക്ഷിതത്വം, ക്ഷേമം തുടങ്ങിയ കാര്യങ്ങൾ അന്വേഷിച്ച് ഉറപ്പുവരുത്തുന്നുണ്ട്. സുരക്ഷാ ക്രമീകരണങ്ങൾ പാലിച്ചാണ് പ്രവർത്തിക്കുന്നത് എന്ന് ഉറപ്പാക്കുന്നതിന് പരിശോധനാ വേളയിൽ വേണ്ട നിർദ്ദേശങ്ങൾ മാനേജ്മെന്റിന് നൽകിവരുന്നുണ്ട്. ഏതെങ്കിലും തരത്തിലുള്ള അപകടം സംഭവിച്ചതായി ശ്രദ്ധയിൽപ്പെട്ടാൽ ഉടൻ തന്നെ ഫാക്ടറി പരിശോധിച്ച് സമഗ്രമായ അന്വേഷണം നടത്തുകയും അപകടത്തിന്റെ മൂലകാരണം കണ്ടെത്തി അത്തരത്തിലുള്ള അപകടം ഭാവിയിൽ ഉണ്ടാകാതിരിക്കാൻ വേണ്ട നിർദ്ദേശം ബന്ധപ്പെട്ട മാനേജ്മെന്റിന് നൽകുന്നുമുണ്ട്. കൂടാതെ ഫാക്ടറി നിയമ ലംഘനത്തിന് മാനേജ്മെന്റിനെതിരെ നിയമ നടപടികളും സ്വീകരിക്കുന്നുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ജി) ഫാക്ടറീസ് ആക്ടിൽ നിഷ്കർഷിച്ചിട്ടുള്ള സുരക്ഷാമാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനായി പീരിയോഡിക്കൽ ഇൻസ്പെക്ഷൻ നടത്തുകയും സുരക്ഷാ മാനദണ്ഡങ്ങളുടെ ലംഘനങ്ങൾ കണ്ടാൽ പരിശോധന ഉത്തരവുകൾ നൽകുകയും നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. വിശദവിവരങ്ങൾ ശേഖരിച്ചുവരുന്നു.

തൊഴിലാളികളുടെ ക്ഷാമബത്ത

250 (958) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊഴിലാളികളുടെ ക്ഷാമബത്ത കണക്കാക്കുന്നതിലെ അടിസ്ഥാന സൂചികയിലെ അപാകത പരിഹരിക്കുന്നതിന് മുൻ എൽ.ഡി.എഫ്. സർക്കാർ രൂപീകരിച്ച ട്രേഡ് യൂണിയൻ പ്രതിനിധികളുടെയും വിദഗ്ധരുടെയും കമ്മിറ്റി സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) ഭക്ഷ്യധാന്യങ്ങളുടെയും പച്ചക്കറി, പാൽ തുടങ്ങിയവയുടെയും യഥാർത്ഥ വിലനിലവാരം ക്ഷാമബത്ത കണക്കാക്കുമ്പോൾ പരിഗണിച്ച് നിലവിലെ അപാകത പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ ; വിശദവിവരം ലഭ്യമാക്കുമോ ?

ഉത്തരം

(എ) തൊഴിലാളികളുടെ ക്ഷാമബത്ത കണക്കാക്കുന്നതിനുള്ള ഉപഭോക്തൃ വിലസൂചിക പുതുക്കി നിർണ്ണയിക്കുന്നതിന്റെ ഭാഗമായുള്ള കുടുംബ ബഡ്ജറ്റ് സർവ്വേ സംസ്ഥാനത്ത് സാമ്പത്തിക സ്ഥിതി വിവരകണക്ക് വകുപ്പിന്റെ നേതൃത്വത്തിൽ പൂർത്തീകരിക്കുകയും സർവ്വേ റിപ്പോർട്ട് സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ് ഡയറക്ടർ ചെയർമാനായുള്ള 21 അംഗ ' കേരള കൺസ്യൂമർ പ്രൈസ് ഇൻഡക്സ് റിവിഷൻ കമ്മിറ്റി, 2010', ചർച്ച ചെയ്ത് അംഗീകരിച്ച് സർക്കാരിന് സമർപ്പിക്കുകയും 31-8-2013-ലെ സ.ഉ (എം.എസ്).നമ്പർ 103/2013/തൊഴിൽ പ്രകാരം റിപ്പോർട്ടിന് സർക്കാർ അംഗീകാരം നൽകിയിട്ടുള്ളതുമാണ്. ഇത് പ്രകാരം 2011-12 അടിസ്ഥാന വർഷമായി സ്വീകരിച്ച് പുതുക്കിയ ഉപഭോക്തൃ വിലസൂചിക നിർണ്ണയിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly